**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത് - 2007-08 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(2), 3(3) എന്നിവ തടസ്സപ്പെടുത്തിയത് - സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

സ.ഉ (സാധാ) നം. 2169/15/തസ്വഭവ. തിരുവനന്തപുരം,തീയതി: 17/07/2015

പരാമർശം:- 1) 03/06/2014-ലെ പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ എ 5-5004-14 നമ്പർ കത്ത്

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 31/03/2015-ലെ LF/11084/PT2/2014-ാം നമ്പർ കത്ത്

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ പുതുപ്പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2007-08 സാമ്പത്തിക വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(2) പ്രകാരം 10,00,000/-രൂപ (പത്ത് ലക്ഷം രൂപ മാത്രം) യുടെയും ഖണ്ഡിക 3(3) പ്രകാരം 46,895/- രൂപ(നാല്പത്തിയാറായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റിയഞ്ച് രൂപ മാത്രം)യും ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു.ആയതിനു സാധൂകരണം ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട്

ടി വിഷയത്തിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റിന് ചില അപാകതകൾ നിലനിൽക്കുന്നുണ്ടെങ്കിലും പ്ലാന്റ് നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ ഖണ്ഡിക 3-2-ന് സാധൂകരണം നൽകാവുന്നതാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്. കൂടാതെ പട്ടികജാതിക്കാർ കൂടുതൽ ഉള്ള പ്രദേശമായതിനാലും റിപ്പയർ, കറന്റ് ചാർജ്ജ് എന്നിവയ്ക്ക് ചെലവഴിച്ച തുക വലിയ സംഖ്യയായതിനാലും നിലവിൽ ടി കുടിവെള്ള പദ്ധതി നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ബോദ്ധ്യമുള്ളതിനാലും ഭാവിയിൽ ടി പ്രവണത ആവർത്തിക്കരുതെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റിൽ തടസ്സപ്പെടുത്തിയ ഖണ്ഡിക 3(2) ,ഖണ്ഡിക 3(3)-ന് സാധൂകരണം നൽകാവുന്നതാണെന്നും പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി മേൽ വിവരിച്ച വസ്തുതകളുടെയും ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ അഭിപ്രായത്തിന്റെയും പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയുടെയും അടിസ്ഥാനത്തിലും ഭാവിയിൽ ഇത്തരം പ്രവണത ആവർത്തിക്കരുതെന്ന കർശന നിർദ്ദേശത്തോടെ പാലക്കാട് ജില്ലയിലെ പുതുപ്പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2007-08 സാമ്പത്തിക

വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(2) പ്രകാരം 10,00,000/-രൂപ (പത്ത് ലക്ഷം രൂപ മാത്രം) യുടെയും ഖണ്ഡിക 3(3) പ്രകാരം 46,895/- രൂപ(നാല്പത്തിയാറായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റിയഞ്ച് രൂപ മാത്രം)യും ചെലവിനു സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
സാലമ്മ എബ്രഹാം
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടർ,തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,പാലക്കാട്
ലോക്കൽഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ,പാലക്കാട്
സെക്രട്ടറി,പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത്,പാലക്കാട്
ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ